അദ്ധ്യായം നൂറ്റി ഒൻപത്

## അൽ കാഫിറൂൻ (സത്യനിഷേധികൾ)

അവതരണം മക്കയിൽ, വചനങ്ങൾ 6

### അദ്ധ്യായ പരിചയം:

പ്രവാചകൻ മുഹമ്മദ്(സ)യും മക്കയിലെ പ്രമാണിമാരും തമ്മിലുണ്ടായിരുന്ന ആദർശപരമായ ശത്രുത ശക്തിയാർജിച്ച കാലം. ഏതെങ്കിലും വിധത്തിൽ പ്രവാചകനെ സ്വാധീനിക്കാൻ സാധിക്കുമെന്ന് അദ്ദേഹത്തിൻെറ എതിരാളികൾ പ്രതീക്ഷിച്ചിരുന്നു. അതിനാൽ തന്നെ പല ഓഫറുകളും അവർ അദ്ദേഹത്തിന് വെച്ചുനീട്ടി. ധനം, അധികാരം, സുഖസൗകര്യങ്ങൾ, സ്ത്രീ തുടങ്ങിയ പലതും അവർ വാഗ്ദാനം ചെയ്തുനോക്കി. പ്രവാചകൻ എങ്ങനെയെങ്കിലും തൻെറ ദൗത്യം അവസാനിപ്പിക്കുകയായിരുന്നു അവരുടെ ആവശ്യം. അതിനൊന്നും വഴങ്ങുന്നില്ലെന്നായപ്പോൾ "കുറച്ചു കാലം നീ ഞങ്ങളുടെ ദൈവത്തെ ആരാധിക്ക്, കുറച്ചു കാലം ഞങ്ങൾ നിൻെറ ദൈവത്തെയും ആരധിക്കാം" എന്നും അവർ പറഞ്ഞുനോക്കി. സത്യവും അസത്യവും തമ്മിൽ ഒരിക്കലും സംഭവിക്കരുതാത്ത രാജിയെ സംബന്ധിച്ച അവരുടെ മോഹത്തെ തുടക്കത്തിൽ തന്നെ കെടുത്തിക്കളയേണ്ടത് ദൈവികവ്യവസ്ഥ സ്വതന്ത്രവും എല്ലാവിധ കലർപ്പുകളിൽനിന്നും ശുദ്ധവുമാണെന്ന് ലോകത്തെ ബോധ്യപ്പെടുത്താൻ ആവശ്യമായിരുന്നു. അതത്രെ ഈ അദ്ധ്യായത്തിൻെറ ഉള്ളടക്കം.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

قُلۡ يَٰٓأَيُّهَا ٱلۡكَٰفِرُونَ ﴿١﴾ لَآ أَعۡبُدُ مَا تَعۡبُدُونَ ﴿٢﴾ وَلَآ أَنتُمۡ عَٰبِدُونَ مَآ
أَعۡبُدُ ﴿٣﴾ وَلَآ أَنَا۠ عَابِدٞ مَّا عَبَدتُّمۡ ﴿٤﴾ وَلَآ أَنتُمۡ عَٰبِدُونَ مَآ أَعۡبُدُ ﴿٥﴾
لَكُمۡ دِينُكُمۡ وَلِيَ دِينِ ﴿٦﴾

### അർഥം:

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. (നബിയേ) പറയുക, അല്ലയോ സത്യനിഷേധികളേ,
2. നിങ്ങൾ ആരാധിക്കുന്നവയെ ഞാൻ ആരാധിക്കുന്നില്ല.
3. ഞാൻ അരാധിക്കുന്നതിനെ നിങ്ങളും ആരാധിക്കുന്നില്ല.
4. നിങ്ങൾ ആരാധിച്ചുവന്നവയുടെ ആരാധകനല്ല ഞാൻ.
5. ഞാൻ ആരാധിക്കുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല.
6. നിങ്ങൾക്ക് നിങ്ങളുടെ ദീൻ(മതം), എനിക്ക് എൻെറ ദീൻ(മതം).

### വിശദീകരണം.

ഏകദൈവ വിശ്വാസിക്ക് പരദൈവങ്ങളോടുള്ള സമീപനം എന്തെന്ന് വ്യക്തമാക്കുന്ന ഒരധ്യായമാണിത്.

ദൈവിക ദീൻ കലർപ്പുകളിൽനിന്ന് വിശുദ്ധമാണ്. ഏതെങ്കിലും വിധത്തിലുള്ള മാറ്റമോ ദൈവേതര വ്യവസ്ഥിതിയുമായുള്ള കൂട്ടുകെട്ടോ അതിന് ആവശ്യമില്ല. അതിനാൽ ആരെങ്കിലും ദൈവപ്രീതി ആഗ്രഹിക്കുന്നുവെങ്കിൽ എല്ലാവിധ കലർപ്പുകളിൽനിന്നും തൻെറ വിശ്വാസത്തെ മുക്തമാക്കി ദൈവികവ്യവസ്ഥിതിയുടെ വക്താവായി മാറട്ടെ. അതിനെതിരെയുള്ള ബഹുദൈവത്വപരമോ നിഷേധപരമോ ആയ ഏത് വിശ്വാസമംഗീകരിച്ചാലും ഫലത്തിൽ അവയെല്ലാം ദൈവനിഷേധം തന്നെയാണ്. ദൈവനിഷേധികളുമായി ആദർശതലത്തിൽ ഒരു സന്ധിയും ഉണ്ടാകാവതല്ല. ബഹുദൈവ വിശ്വാസികളുടെ ദൈവങ്ങളെ ഏകദൈവ വിശ്വാസികൾ പൂജിക്കാൻ പാടില്ല. അവയിൽനിന്നൊക്കെ അവർ വിമുക്തി പ്രഖ്യാപിക്കേണ്ടതുണ്ട്.

ദീൻ എന്ന അർഥത്തിൽ ദൈവികവ്യവസ്ഥിതിയും അതിൻെറ വിമർശകരുടെ വിശ്വാസവും രണ്ടും രണ്ടായിരുന്നു. അവർ ആരാധിക്കുന്നവയെ ആരാധിക്കാൻ വിശ്വാസിക്ക് പാടില്ലാ

ത്തതുപോലെ അവർ ഏകദൈവത്തെ ആരാധിക്കുന്നവരുമല്ല. ഏകദൈവ വിശ്വാസിക്ക് ദൈവേതര ശക്തിയിൽ വിശ്വസിക്കാൻ സാധിക്കില്ല. ദൈവേതര ശക്തിയിൽ വിശ്വസിക്കുന്നവർക്ക് ഏകദൈവത്തെ അംഗീകരിക്കാനും സാധിക്കില്ല. അതിനാൽ തന്നെ ഇരുകൂട്ടരുടെയും വ്യവസ്ഥിതിയും വിശ്വാസവും ഒന്നാവുക സാധ്യമല്ല, എന്നും എവിടെയും എക്കാലത്തും.